**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 451** **11-06-2024 - ൽ മറുപടിയ്ക്ക്**

**കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ കാട്ടിൽ കടവ് പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി അനുവദിച്ച കാട്ടിൽ കടവ് പാലംനിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചതെന്നെന്നും ലഭിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ; | (എ) | കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ കിഫ്ബി വഴി അനുവദിച്ച് 10/07/2017-ലെ G.O (Rt) No. 942/2017/PWD നമ്പർ ഉത്തരവ് പ്രകാരം 20 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ച കാട്ടിൽ കടവ് പാലം നിർമ്മാണ പ്രവൃത്തിയ്ക്ക് 16/09/2019-ലെ PWD016-21/APR-1/2019/KIIFB നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം കിഫ്ബി 30.89 കോടി രൂപയ്ക്ക് ധനാനുമതി നൽകിയിരുന്നതും, പിന്നീട് 05/04/2023-ലെ PWD016-21/APR-1/2023/KIIFB നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം ധനാനുമതി 44.89 കോടി രൂപയായി പരിഷ്കരിച്ച് നൽകുകയും ചെയ്തിരുന്നു. |
| (ബി) | കാട്ടിൽ കടവ് പാലം നിർമ്മാണത്തിന് സാങ്കേതികാനുമതി ലഭിക്കാത്തത് എന്തു കൊണ്ടാണെന്നു വ്യക്തമാക്കാമോ; | (ബി) | കാട്ടിൽ കടവ് പാലം നിർമ്മാണ പ്രവൃത്തിയ്ക്ക് 44.89 കോടി രൂപയുടെ സാങ്കേതികാനുമതി 15/11/2023-ന് ലഭ്യമായിട്ടുള്ളതാണ് |
| (സി) | കാലതാമസം വരുത്താതെ എത്രയും വേഗം സാങ്കേതിക അനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) | പ്രവൃത്തി ടെൻഡർ ചെയ്യുന്നതിനായി നിർവ്വഹണ ഏജൻസി പ്രൊജക്റ്റ് എക്സിക്യൂഷൻ ഡോക്യുമെന്റ് (PED) കിഫ്ബിയിൽ സമർപ്പിച്ചിരുന്നെങ്കിലും, തിരുത്തലുകൾ വരുത്തുന്നതിന് നിർദ്ദേശിച്ചു കൊണ്ട് ആയത് കിഫ്ബി തിരികെ നൽകിയിരുന്നു. കിഫ്ബിയിൽ പുനഃസമർപ്പിക്കുന്നതിനു വേണ്ടി PED തയ്യാറാക്കുന്നതിന് കൺസൾട്ടൻസികളായ NATPAC/RITES എന്നീ ഏജൻസികളോട് KRFB അഭ്യർത്ഥിച്ചിരുന്നെങ്കിലും ഇതിനായി NATPAC കൂടുതൽ സമയം ആവശ്യപ്പെട്ടിട്ടുള്ളതും, RITES-ന്റെ ഭാഗത്തു നിന്നും അനുകൂലമായ മറുപടി ലഭ്യമായിട്ടിലാത്തതിനാലും PED പുനഃസമർപ്പിക്കുന്നതിന് കാലതാമസം നേരിടുന്നതായി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. കിഫ്ബി ആവശ്യപ്പെട്ട പ്രകാരമുള്ള തിരുത്തലുകൾ വരുത്തി നിർവ്വഹണ ഏജൻസി PED കിഫ്ബിക്ക് പുനഃസമർപ്പിക്കുന്ന മുറയ്ക്ക് ആയത് |

| | | | |
|---|---|---|---|
| | | | പരിശോധിച്ച് തൃപ്തികരമാണെന്ന് കാണുന്ന പക്ഷം കിഫ്ബി അംഗീകാരം നൽകുന്നതാണ്. PED-ക്ക് കിഫ്ബിയുടെ അംഗീകാരം ലഭ്യമായാലുടൻ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. |
| (ഡി) | നിർമ്മാണപ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്നാണ് കരുതുന്നത്; ഇനിയും കാലതാമസം കൂടാതെ നിർമ്മാണ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | പ്രവൃത്തി ടെൻഡർ ചെയ്യുന്നതിനായി നിർവ്വഹണ ഏജൻസി പ്രൊജക്റ്റ് എക്സിക്യൂഷൻ ഡോക്യുമെന്റ് (PED) കിഫ്ബിയിൽ സമർപ്പിച്ചിരുന്നെങ്കിലും, തിരുത്തലുകൾ വരുത്തുന്നതിന് നിർദ്ദേശിച്ചു കൊണ്ട് ആയത് കിഫ്ബി തിരികെ നൽകിയിരുന്നു. കിഫ്ബിയിൽ പുനഃസമർപ്പിക്കുന്നതിനു വേണ്ടി PED തയ്യാറാക്കുന്നതിന് കൺസൾട്ടൻസികളായ NATPAC/RITES എന്നീ ഏജൻസികളോട് KRFB അഭ്യർത്ഥിച്ചിരുന്നെങ്കിലും ഇതിനായി NATPAC കൂടുതൽ സമയം ആവശ്യപ്പെട്ടിട്ടുള്ളതും, RITES-ന്റെ ഭാഗത്തു നിന്നും അനുകൂലമായ മറുപടി ലഭ്യമായിട്ടില്ലാത്തതിനാലും PED പുനഃസമർപ്പിക്കുന്നതിന് കാലതാമസം നേരിടുന്നതായി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. കിഫ്ബി ആവശ്യപ്പെട്ട പ്രകാരമുള്ള തിരുത്തലുകൾ വരുത്തി നിർവ്വഹണ ഏജൻസി PED കിഫ്ബിക്ക് പുനഃസമർപ്പിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തൃപ്തികരമാണെന്ന് കാണുന്ന പക്ഷം കിഫ്ബി അംഗീകാരം നൽകുന്നതാണ്. PED-ക്ക് കിഫ്ബിയുടെ അംഗീകാരം ലഭ്യമായാലുടൻ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ